## ശില്പശാലയിൽ പങ്കെടുത്തവർ

1. **ശ്രീ. കോളിൻ ജോസ്.ഇ,**
ഡോ.എ.എം.എം.ആർ, ഗവ.എച്ച്.എസ്.എസ്, കട്ടേല, ശ്രീകാര്യം

2. **ശ്രീമതി ലീന.പി.എസ്**
എസ്.എൻഎച്ച്.എസ്.എസ്, ഉഴമലയ്ക്കൽ

3. **ശ്രീ. അനിൽകുമാർ.കെ**
ജി.ജി.എച്ച്എസ്എസ്, മലയിൻകീഴ്

4. **ശ്രീമതി മാർഗരറ്റ് ലിനി.വി.പി**
ഗവ. വി & എച്ച്എസ്എസ്, വെള്ളനാട്

5. **ശ്രീ. ബ്രൂസ് രാജ്.ജെ**
ജി.എച്ച്എസ്എസ്, മാരായമുട്ടം

6. **ശ്രീമതി ആശ.എസ്.**
വി.എച്ച്എസ്എസ്, തോന്നയ്ക്കൽ

7. **ശ്രീ. സുദർശനൻ.എൽ.എസ്**
ഗവ.ജി.ജി.എച്ച്എസ്എസ്, കന്യാകുളങ്ങര

8. **ഡോ. പ്രിയങ്ക. പി. യു**
ഗവ.വി.എച്ച്എസ്എസ്, വീരണകാവ്

9. **ശ്രീമതി രജനി.എസ്**
ഗവ.വി.എച്ച്എസ്എസ്, ഞെക്കാട്

10. **ശ്രീമതി. ബിനു.കെ.ഐ**
ഗവ.വി. & എച്ച്എസ്എസ് ഫോർ ഗേൾസ്, മണക്കാട്

11. **ശ്രീ. ഷൈജു എസ്.എൽ**
ലക്ചറർ, ഡയറ്റ്, തിരുവനന്തപുരം





# സമരവും സ്വാതന്ത്ര്യവും

**ഓർത്തിരിക്കാൻ....**

വിദ്യാസമ്പന്നരിലും നഗരങ്ങളിലും മാത്രമായി ഒതുങ്ങി നിന്ന ദേശീയ പ്രസ്ഥാനത്തെ ഒരു ജനകീയ പ്രസ്ഥാനമാക്കി മാറ്റിയത് ഗാന്ധിജിയുടെ നേതൃത്വമാണ്. സഹനസമരവും സമര തീക്ഷ്ണതയും സമരസപ്പെടുന്ന ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിലെ അനേകരുടെ ത്യാഗവും രക്തസാക്ഷിത്വവുമാണ് നമുക്ക് സ്വാതന്ത്ര്യം നേടിത്തന്നത്. അവരോട് ആദരവും ബഹുമാനവും കുട്ടികളിൽ വളർത്തുക എന്നതാണ് ഈ പാഠത്തിന്റെ ലക്ഷ്യം.

1. വിട്ടുപോയ ഭാഗം പൂരിപ്പിക്കുക





2. ഇന്ത്യയിൽ രൂപീകരിക്കപ്പെട്ട ആദ്യകാല തൊഴിലാളി സംഘടനകൾ ഏതെല്ലാം.


(a)..................................

(b)..................................

3. നിസ്സഹകരണസമരത്തിന്റെ ഭാഗമായി ഗാന്ധിജിയുടെ ആഹ്വാനപ്രകാരം ജനങ്ങൾ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ രേഖപ്പെടുത്തുക.




4. ദളങ്ങളിലെ വിട്ടുപോയ ഭാഗം പൂരിപ്പിക്കുക.




5. സിവിൽ നിയമ ലംഘന സമരത്തിന്റെ ഭാഗമായി ഗാന്ധിജി മുന്നോട്ട് വച്ച ആവശ്യങ്ങൾ പട്ടികപ്പെടുത്തുക.

- ഉപ്പു നികുതി എടുത്തു കളയുക.
- ........................................
- ........................................
- ........................................
- ........................................
- ........................................
- ........................................
- ........................................

6. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ എഴുതുക.

a. ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഗാന്ധിജിയുടെ നേതൃത്വത്തിൽ നടത്തിയ അവസാനത്തെ ബഹുജന സമരം

.......................................................

b. ഗുജറാത്തിലെ ധരാസന ഉപ്പ് നിർമ്മാണശാലയിലെ സത്യാഗ്രഹത്തിന് നേതൃത്വം നൽകിയ സ്വാതന്ത്ര്യസമര സേനാനി.

.......................................................

c. ഗാന്ധിജിയുടെ ബഹിഷ്ക്കരണ സമരരീതിയെ എതിർത്തുകൊണ്ട് സി. ആർ. ദാസും മോത്തിലാൽ നെഹ്റുവും ചേർന്ന് രൂപികരിച്ച രാഷ്ട്രീയ പാർട്ടി.

.......................................................

d. ആരുടെ നേതൃത്വത്തിലാണ് സർവേന്ത്യാലീഗ്, പാകിസ്ഥാൻ എന്ന പ്രത്യേക രാജ്യം വേണമെന്ന് ആവശ്യപ്പെട്ടത്

.......................................................

e. ഇന്ത്യയിലെ അവസാനത്തെ ബ്രിട്ടീഷ് വൈസ്രോയി.

.......................................................

f. ഏത് ബ്രിട്ടീഷ് നിയമത്തിനെതിരെ പ്രതിഷേധിച്ചുകൊണ്ടാണ് ഗാന്ധിജി ഇന്ത്യൻ ദേശീയ സമരത്തിലേക്ക് കടന്ന് വന്നത്.

.......................................................

g. മൗലാനാ മുഹമ്മദലി, മൗലാനാ ഷൗക്കത്തലി എന്നിവരുടെ നേതൃത്വത്തിൽ ഇന്ത്യയിൽ ആരംഭിച്ച പ്രസ്ഥാനം.

.......................................................


h. ഗാന്ധിജി നിസ്സഹകരണ പ്രസ്ഥാനം നിർത്തിവയ്ക്കാൻ ഇടയാക്കിയ സംഭവം.

.......................................................


7. പട്ടിക പൂർത്തിയാക്കുക.

| A | B |
|---|---|
| റാഷ് ബിഹാരിബോസ് | (a) |
| (b) | സ്വരാജ്പാർട്ടി |
| സുഭാഷ് ചന്ദ്രബോസ് | (c) |
| (d) | ഗദർപാർട്ടി |


8. വിട്ടുപോയ ഭാഗം പൂരിപ്പിക്കുക.





9. ഗാന്ധിജി ഇന്ത്യയിൽ നടത്തിയ ആദ്യകാലസമരങ്ങളുടെ ഫലങ്ങൾ-കളങ്ങൾ നിറയ്ക്കുക.




10. ഉപ്പ് സമരായുധമാക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച ഘടകങ്ങൾ കണ്ടെത്തി പദസൂര്യൻ പൂർത്തിയാക്കുക.




11. ഗാന്ധിജി നേതൃത്വം നൽകിയ സമരങ്ങളുടെ അടിസ്ഥാനത്തിൽ ചാർട്ട് പൂർത്തിയാക്കുക.




12. ഗാന്ധിജി ഇന്ത്യയിൽ നടത്തിയ ആദ്യ കാല സമരങ്ങളുടെ കാരണം, സ്ഥലം, ഫലം എന്നിവയുടെ പട്ടിക പൂർത്തിയാക്കുക.

| **സമരങ്ങൾ** | **A** | **തുണിമിൽ സമരം** | **B** |
|---|---|---|---|
| സ്ഥലം | ചമ്പാരൻ | C | ഖേഡ |
| കാരണം | നീലം കർഷകരുടെ ദുരിതം | D | വരൾച്ച മൂലം ദുരിതം |
| ഫലം | E | ശമ്പള വർദ്ധനവിന് സമ്മതിച്ചു | F |

13. ക്വിറ്റിന്ത്യാ സമരകാരണങ്ങൾ കണ്ടെത്തി പദസൂര്യൻ പൂർത്തിയാക്കുക.

ക്വിറ്റിന്ത്യാ സമരകാരണങ്ങൾ

A) വിലക്കയറ്റവും ക്ഷാമവും മൂലമുള്ള ജനങ്ങളുടെ അതൃപ്തി

(B) ......................

(C) ......................

14. A കോളത്തിന് യോജിച്ചവ B കോളത്തിലെഴുതുക

| A | B |
|---|---|
| ഫോർവേഡ് ബ്ലോക്ക് | സൂര്യസെൻ |
| റിപ്പബ്ലിക്കൻ ആർമി | ലാലാ ഹർദയാൽ |
| അഭിനവ് ഭാരത് സൊസൈറ്റി | ബരീന്ദർ കുമാർ ഘോഷ്, പുലിൻബിഹാരി ദാസ് |
| ഝാൻസി റാണി റെജിമെന്റ് | ജയപ്രകാശ് നാരായൺ |
| അനുശീലൻ സമിതി | ക്യാപ്റ്റൻ ലക്ഷ്മി |
| ഗദർ പാർട്ടി | സുഭാഷ് ചന്ദ്രബോസ് |
| ഇന്ത്യൻ റിപ്പബ്ലിക്കൻ ആർമി | വി.ഡി. സവർക്കർ |
| കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി | ഭഗത് സിങ് , രാജ് ഗുരു ,സുഖ്ദേവ്, ചന്ദ്രശേഖർ ആസാദ് |

15. നിസ്സഹകരണ പ്രസ്ഥാനം നിർത്തിവക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച സാഹചര്യങ്ങൾ വിശദമാക്കുന്ന ലിസ്റ്റ് പൂർത്തിയാക്കുക.

1922 ലെ ചൗരി ചൗരാ സംഭവം

*

*

16. ഗാന്ധിജിയുടെ നിസ്സഹകരണ സമരം ജനങ്ങൾ സ്വീകരിച്ചു എന്നതിന് ഉദാഹരണങ്ങൾ കണ്ടെത്തി ചതുരം നിറയ്ക്കുക.

അവധിലെ കർഷകർ നികുതി നൽകാൻ വിസമ്മതിച്ചു

A

വക്കീലന്മാർ കോടതിയിൽ പോകാൻ വിസമ്മതിച്ചു

| B |
|---|

| ഉത്തർപ്രദേശിലെ കർഷകർ കോളനി ഉദ്യോഗസ്ഥരുടെ ചുമടുകൾ എടുക്കാൻ വിസമ്മതിച്ചു |
|---|

| C |
|---|

17. ചേരുംപടി ചേർക്കുക

| A | B |
|---|---|
| എൻ എം ജോഷി, ലാലാ ലജ്പത് റായി | അഖിലേന്ത്യ കിസാൻ സഭ |
| എൻ. ജി .രംഗ | എ .ഐ .റ്റി .യു .സി |
| തേഭാഗസമരം | ബോംബെ |
| തെലങ്കാനസമരം | ബംഗാൾ |
| നാവികകലാപം | ആന്ധ്രാപ്രദേശ് |




# സ്വാതന്ത്ര്യാനന്തര ഇന്ത്യ

## ഓർത്തിരിക്കാൻ....

നൂറ്റാണ്ടുകൾ നീണ്ട ബ്രിട്ടീഷ് ചൂഷണത്തിനു ശേഷം സ്വാതന്ത്ര്യം നേടിയ ഇന്ത്യ നേരിട്ടവെല്ലു വിളികളും അത്തരം വെല്ലുവിളികൾ തരണം ചെയ്യുന്നതിന് നാം സ്വീകരിച്ച നടപടികളുമാണ് ഈ അധ്യായം ചർച്ച ചെയ്യുന്നത്. വിദേശ ഭരണം ശുഷ്കമാക്കിയിട്ടും നിശ്ചയദാർഢ്യത്തോടെയും ദീർഘ വീക്ഷണത്തോടെയും കാർഷിക വ്യാവസായിക രംഗങ്ങളിലും, ശാസ്ത്ര-സാങ്കേതിക - വിദ്യാഭ്യാസ മണ്ഡലങ്ങളിലും നാം കൈവരിച്ച നേട്ടങ്ങളും , പകരം വയ്ക്കാനാകാത്ത നമ്മുടെ വിദേശനയവും ഈ പാഠഭാഗം പ്രതിപാദിക്കുന്നു.

1. പഞ്ചശീലതത്ത്വവുമായി ബന്ധപ്പെട്ട് താഴെ തന്നിരിക്കുന്നവ പൂർത്തിയാക്കുക

A. പഞ്ചശീല തത്ത്വങ്ങളിൽ ഒപ്പുവെച്ചത് ആരെല്ലാം → ജവഹർലാൽ നെഹ്റു
→ ............A............

B. പഞ്ചശീല തത്ത്വങ്ങൾ കൂട്ടിച്ചേർക്കുക

- രാജ്യത്തിന്റെ അതിർത്തിയും പരമാധികാരവും പരസ്പരം അംഗീകരിക്കുക
- 
- 
- 
- 

2. 1986ലെ ദേശീയ വിദ്യാഭ്യാസ നയത്തിലെ പ്രധാന ശുപാർശകൾ.

1986ലെ ദേശീയ വിദ്യാഭ്യാസനയം

a) പ്രാഥമികവിദ്യാഭ്യാസത്തിനും തുടർവിദ്യാഭ്യാസത്തിനും പ്രാധാന്യം

b)

c)

d)

3. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ഗവേഷണരംഗത്ത് നിലവിൽ വന്ന ഒരു സ്ഥാപനമാണ് 'ശാസ്ത്ര വ്യാവസായിക ഗവേഷണ സമിതി'. മറ്റ് സ്ഥാപനങ്ങൾ ഏതെല്ലാം?

- ♦
- ♦

4. സ്വതന്ത്ര ഇന്ത്യ വിദ്യാഭ്യാസത്തെക്കുറിച്ച് പഠിക്കുന്നതിനായി വിവിധ കമ്മീഷനുകളെ നിയമിച്ചു. കമ്മീഷനുകളുടെ ലക്ഷ്യങ്ങൾ, ശുപാർശകൾ എന്നിവ കാണിക്കുന്ന പട്ടിക പൂർത്തിയാക്കുക.

| **കമ്മിഷനുകൾ** | **ലക്ഷ്യങ്ങൾ** | **ശുപാർശകൾ** |
|---|---|---|
| ഡോ: രാധാകൃഷ്ണൻ കമ്മിഷൻ [ 1948] | സർവകലാശാലാ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള പഠനം | ● തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുക<br>●<br>● |
| ഡോ: ലക്ഷ്മണസ്വാമി മുതലിയാർ കമ്മീഷൻ [ 1952 ] | ● | ● ത്രിഭാഷാ പദ്ധതി നടപ്പിലാക്കണം<br>● |
| ഡോ: ഡി.എസ്. കോത്താരി കമ്മീഷൻ [ 1964 ] | ● | ●<br>● 10+2+3 മാതൃകയിൽ വിദ്യാഭ്യാസം നടപ്പിലാക്കണം<br>●<br>● |

5. ചുവടെ തന്നിട്ടുള്ളത് ഇന്ത്യയുടെ വിദേശനയത്തിന്റെ പ്രധാന തത്ത്വങ്ങളിൽ ഒന്നാണ്. മറ്റ് തത്ത്വങ്ങൾ ഏതെല്ലാം?

- ❖ സാമ്രാജ്യത്വത്തോടും കൊളോണിയൽ വ്യവസ്ഥയോടുമുള്ള എതിർപ്പ്
- ❖
- ❖
- ❖
- ❖

6. 'ഇന്ത്യയുടെ ഭാവി നിർണ്ണയിക്കപ്പെടുന്നത് ഇന്ത്യയുടെ ക്ലാസ്സ് മുറികളിലാണ്.' ഇത് ആരുടെ വാക്കുകളാണ്.

(*ഡോ.ഡി.എസ്.കോത്താരി * ലക്ഷ്മണസ്വാമി മുതലിയാർ *ഡോ.രാധാകൃഷ്ണൻ)

7. ഇന്ത്യാ ഗവൺമെന്റ് വിദ്യാഭ്യാസം മൗലികാവകാശമാക്കിക്കൊണ്ട് നിയമം പാസ്സാക്കിയ വർഷം

a) 1986 b) 1964 c) 2009

8. 'സ്വാതന്ത്ര്യാനന്തര ഇന്ത്യനേരിട്ട പ്രധാന വെല്ലുവിളിയായിരുന്നു നാട്ടുരാജ്യങ്ങളുടെ സംയോജനം' സമർത്ഥിക്കുക.

- ബ്രിട്ടീഷുകാർ നേരിട്ടു ഭരണം നടത്തിയിരുന്ന പ്രദേശങ്ങൾക്ക് പുറമേ ബ്രിട്ടീഷ് നിയന്ത്രണത്തിലുള്ള അറുനൂറോളം നാട്ടുരാജ്യങ്ങളും ഉണ്ടായിരുന്നു.
- 
- 
- 

9. നാട്ടുരാജ്യങ്ങളുടെ സംയോജനത്തിന് നേതൃത്വം നൽകിയവർ, അവരുടെ സംഭാവനകൾ എന്നിവയുമായി ബന്ധപ്പെട്ട പട്ടിക പൂർത്തിയാക്കുക.

| | |
|---|---|
| ● വി.പി. മേനോൻ | ● |

- ലയനക്കരാർ തയ്യാറാക്കി.
- 
- 

10. ബ്രാക്കറ്റിൽനിന്നും ശരിയായത് തെരഞ്ഞെടുത്തു പട്ടിക പൂർത്തിയാക്കുക.

(ദാമൻ, കാരയ്ക്കൽ, കാശ്മീർ, വി.പി.മേനോൻ, ജുനഗഡ്, മാഹി, യാനം, ദിയു)

| ലയനക്കരാർ | ഇന്ത്യൻ യൂണിയനിൽ ചേരാൻ വിസ്സമ്മതിച്ച പ്രദേശങ്ങൾ | ഫ്രഞ്ച് അധിനിവേശ പ്രദേശങ്ങൾ | പോർട്ടുഗീസ് അധിനിവേശ പ്രദേശങ്ങൾ |
|---|---|---|---|
| ● സർദാർ വല്ലഭഭായ് പട്ടേൽ<br>● | ● ഹൈദ്രാബാദ്<br>●<br>● | ● പോണ്ടിച്ചേരി<br>●<br>●<br>● | ● ഗോവ<br>●<br>● |

11. ഭാഷാ സംസ്ഥാനങ്ങളുടെ രൂപീകരണത്തിലേക്ക് നയിച്ച സംഭവങ്ങൾ ഫ്ളോ ചാർട്ടിലൂടെ വ്യക്തമാക്കുക

ഭാഷാ സംസ്ഥാനങ്ങളുടെ രൂപീകരണം

↓

1920ലെ നാഗ്പൂർ കോൺഗ്രസ് സമ്മേളനം ഭാഷാടിസ്ഥാനത്തിൽ സംസ്ഥാന കോൺഗ്രസ് കമ്മിറ്റികൾ രൂപീകരിച്ചത്

↓

A

↓

1953ൽ തെലുങ്ക് സംസാരിക്കുന്നവർക്കായി ആന്ധ്രപ്രദേശ് സംസ്ഥാനം രൂപം കൊണ്ടത്


↓

B

12. സ്വതന്ത്ര ഇന്ത്യ സാമ്പത്തിക രംഗത്ത് കൈവരിച്ച പുരോഗതിയുമായി ബന്ധപ്പെട്ട ലിസ്റ്റ് പൂർത്തിയാക്കുക.

* 1950ൽ ആസൂത്രണ കമ്മീഷൻ നിലവിൽ വന്നു
*
*
*

13. ബഹിരാകാശ രംഗത്തെ ഇന്ത്യയുടെ നേട്ടങ്ങൾ കൂട്ടിച്ചേർക്കുക.





Chapter 08

# കേരളം ആധുനികതയിലേയ്ക്ക്

## ഓർത്തിരിക്കാൻ....

കേരളക്കരയിലേക്ക് ഉള്ള യൂറോപ്യന്മാരുടെ കടന്നുവരവും അവർ നടത്തിയ കിടമത്സരങ്ങളിലും തുടങ്ങി ഐക്യകേരളത്തിന്റെ രൂപീകരണം വരെയുള്ള കേരളചരിത്രത്തിലെ നാൾവഴികൾ കോർത്തിണക്കിയതാണ് ഈ പാഠഭാഗം. കേരളത്തിലെ ഭൂബന്ധങ്ങളും കാർഷിക മേഖലയിലെ മാറ്റങ്ങളും സാമൂഹ്യരാഷ്ട്രീയ പ്രസ്ഥാനങ്ങളും ദേശീയ സ്വതന്ത്ര്യസമരത്തിന്റെ ഭാഗമായി നടന്ന നിരവധി സമരങ്ങളിൽ കേരളത്തിന്റെ പങ്കാളിത്തവും സ്ത്രീശക്തിയുടെ മുന്നേറ്റവും പാഠഭാഗത്തിൽ പരാമർശിക്കുന്നുണ്ട്.

1) ബ്രാക്കറ്റിൽ നിന്നും കണ്ടെത്തി എഴുതുക.

(1792, 1805 നവംബർ 30, ആറ്റിങ്ങൽ കലാപം, കുളച്ചൽ യുദ്ധം,ക്യാപ്റ്റൻ വില്യം കീലിങ്)

1) മാർത്താണ്ഡവർമ്മ ഡച്ചുകാരെ പരാജയപ്പെടുത്തിയ യുദ്ധം [1]

2) ഇംഗ്ലീഷുകാരുടെ പ്രതിനിധിയായി 1615ൽ കേരളത്തിലെത്തിയത് [2]

3) ബ്രിട്ടീഷുകാർക്കെതിരെ കേരളത്തിൽ നടന്ന ആദ്യത്തെ സംഘടിത കലാപം [3]

4) ശ്രീരംഗപട്ടണം സന്ധി [4]

5) പഴശ്ശിരാജ വധിക്കപ്പെട്ടത് [5]

2) പഴശ്ശികലാപത്തിന്റെ കാരണങ്ങൾ.

- [ ]
- വയനാട്ടിനുമേൽ ബ്രിട്ടീഷുകാർ അവകാശവാദം ഉന്നയിച്ചത്.

3) പഴശ്ശികലാപത്തിന് നേതൃത്വം വഹിച്ചവർ

- കോട്ടയം കേരളവർമ്മ പഴശ്ശിരാജ
- 
- 
- 
- 

4) കേരളത്തിലെ വ്യാപാരം മെച്ചപ്പെടുത്തുവാൻ ബ്രിട്ടീഷുകാർ സ്വീകരിച്ച നടപടികൾ കണ്ടെത്തുക

- വ്യാപാര നടപടികൾ ഭേദഗതി ചെയ്തു
- ഏകീകരിച്ച നാണയ വ്യവസ്ഥയും അളവുതൂക്ക സമ്പ്രദായവും നടപ്പിലാക്കി
- 

5) ചേരുംപടി ചേർക്കുക

| | |
|---|---|
| 1) മലബാർ കുടിയായ്മനിയമം | 1741 |
| 2) പണ്ടാരപ്പാട്ടവിളംബരം | 1721 |
| 3) ജന്മികുടിയാൻ നിയമം | 1929 |
| 4) കുളച്ചൽ യുദ്ധം | 1896 |
| 5) ആറ്റിങ്ങൽ കലാപം | 1865 |

6) ബ്രിട്ടീഷുകാരുടെ കാലത്തെ തോട്ടവ്യവസായങ്ങളും പരമ്പരാഗത വ്യവസായങ്ങളുമായി ബന്ധപ്പെട്ട വസ്തുതകൾ ഉൾപ്പെടുത്തി കളങ്ങൾ നിറയ്ക്കുക.

1) വെളിച്ചെണ്ണ വ്യവസായത്തിന്റെ കേന്ദ്രം

2) കശുവണ്ടി ഫാക്ടറികൾ


3) ഓട്ടുകമ്പനികൾ

4) കൈത്തറി നിർമ്മാണശാല


5) ബീഡി വ്യവസായ കേന്ദ്രം

6) കയർ ഫാക്ടറി

7) ബ്രിട്ടീഷ് ഭരണകാലത്ത് ഭൂബന്ധങ്ങളിലുണ്ടായ മാറ്റങ്ങളെക്കുറിച്ചുള്ള ചാർട്ട് പൂർത്തിയാക്കാം.



8) പദസൂര്യൻ പൂർത്തിയാക്കുക




9) ബ്രിട്ടീഷ് ഭരണകാലത്തെ കേരളത്തിലെ പ്രധാന ബാങ്കുകൾ

- ❖ നെടുങ്ങാടി ബാങ്ക്
- ❖ ഇംപീരിയൽ ബാങ്ക്
- ❖
- ❖

10) ഉചിതമായി പൂർത്തിയാക്കുക.

1) മലയാളത്തിലെ ആദ്യ വ്യാകരണഗ്രന്ഥം തയ്യാറാക്കിയത്
2) മലയാള ഭാഷയിലെ ആദ്യത്തെ നിഘണ്ടു രൂപപ്പെടുത്തിയത്
3) മലയാള ഭാഷയിൽ അച്ചടിച്ച ആദ്യത്തെ സമ്പൂർണ്ണ ഗ്രന്ഥം
4) ഇംഗ്ലീഷ് മലയാളം നിഘണ്ടു തയ്യാറാക്കിയത്
5) മലയാളം ഇംഗ്ലീഷ് നിഘണ്ടു തയ്യാറാക്കിയത്
6) മലയാളത്തിലെ ആദ്യത്തെ പത്രങ്ങൾ

11) പട്ടിക പൂർത്തിയാക്കുക

| **മിഷനറിസംഘം** | **പ്രവർത്തനമേഖല** |
|---|---|
| ലണ്ടൻ മിഷൻ സൊസൈറ്റി (എൽ.എം.എസ്) | തിരുവിതാംകൂർ |
| ചർച്ച് മിഷൻ സൊസൈറ്റി (സി.എം.എസ്) | A |
| B | മലബാർ |

12) ബ്രിട്ടീഷുകാരുടെ വരവോടെ കേരളത്തിലെ നിയമ രംഗത്തുണ്ടായ മാറ്റങ്ങൾ കണ്ടെത്തുക

- ❖ നീതിന്യായ വ്യവസ്ഥ പരിഷ്ക്കരിച്ചു
- ❖
- ❖

❖

13) ബ്രിട്ടീഷ് ഭരണം ആരോഗ്യരംഗത്തു വരുത്തിയ മാറ്റങ്ങൾ പട്ടികപ്പെടുത്തുക

| |
|---|
| ആയുർവേദത്തിനു പകരം അലോപ്പതി ചികിൽസയ്ക്ക് പ്രാധാന്യം ലഭിച്ചു |
| |
| |
| മലബാർ, തിരുവിതാംകൂർ കൊച്ചി എന്നിവിടങ്ങളിൽ സർക്കാർ ആശുപത്രികൾ സ്ഥാപിച്ചു |

14) പട്ടിക പൂർത്തിയാക്കുക

| **സാമൂഹിക പരിഷ്കർത്താക്കൾ** | **പ്രസ്ഥാനങ്ങൾ / പ്രവർത്തനങ്ങൾ** |
|---|---|
| വൈകുണ്ഠസ്വാമികൾ | A |
| ചട്ടമ്പിസ്വാമികൾ | B |
| C | അനാഥാലയങ്ങളും വിദ്യാലയങ്ങളും സ്ഥാപിച്ചു |
| അയ്യങ്കാളി | D |
| വക്കം അബ്ദുൾ ഖാദർ മൗലവി | E |
| F | ആത്മവിദ്യാസംഘം |
| സഹോദരൻ അയ്യപ്പൻ | G |
| പണ്ഡിറ്റ് കെ പി കറുപ്പൻ | H |
| I | നായർ സർവീസ് സൊസൈറ്റി |
| ശ്രീനാരായണ ഗുരു | J |
| K | പ്രത്യക്ഷ രക്ഷാദൈവസഭ |
| L | യോഗക്ഷേമസഭ |

15) സൂചനയുടെ അടിസ്ഥാനത്തിൽ പൂർത്തിയാക്കുക

| **സൂചന** | **സംഭവം** | **വർഷം** |
|---|---|---|
| 1) ● മാറുമറയ്ക്കാനുള്ള അവകാശത്തിനായി തെക്കൻ തിരുവിതാംകൂറിലെ ചാന്നാർ സ്ത്രീകൾ നടത്തിയ പോരാട്ടം<br>● ജാക്കറ്റും മേൽമുണ്ടും ധരിക്കാനുള്ള അവകാശം ചാന്നാർ സ്ത്രീകൾക്ക് അനുവദിക്കാൻ ഉത്രം തിരുനാൾ മഹാരാജാവ് നിർബന്ധിതനായി | A | B |


| | | |
|---|---|---|
| 2) ● തിരുവിതാംകൂറിൽ രാഷ്ട്രീയ പ്രക്ഷോഭത്തിന്റെ ആരംഭം കുറിച്ചു.<br>● ജി.പി. പിള്ളയുടെ നേതൃത്വം<br>● സർക്കാർ ജോലികളിൽ തിരുവിതാംകൂറുകാർക്ക് മതിയായ പ്രാതിനിധ്യം ആവശ്യപ്പെട്ടു.<br>● പതിനായിരത്തിലധികം പേർ ഒപ്പിട്ട മെമ്മോറാണ്ടം. | C | D |
| 3) ● സഞ്ചാര സ്വാതന്ത്ര്യത്തിനായി കേരളത്തിൽ നടന്ന പ്രക്ഷോഭം.<br>● ടി.കെ.മാധവൻ നേതൃത്വം നൽകി<br>● മന്നത്തുപദ്മനാഭൻ സവർണ്ണ ജാഥ സംഘടിപ്പിച്ചു.<br>● ക്ഷേത്രത്തിന് ചുറ്റുമുള്ള പൊതു നിരത്തിലൂടെ യാത്ര ചെയ്യാൻ അവർണർക്ക് അനുവാദം ലഭിച്ചു. | E | F |
| 4) ● കെ.കേളപ്പൻ നേതൃത്വം നൽകി.<br>● എ. കെ.ഗോപാലൻ വളണ്ടിയർ ക്യാപ്റ്റൻ<br>● ഗുരുവായൂർ ക്ഷേത്രത്തിൽ എല്ലാ ജാതിയിലും പെട്ട ഹിന്ദുക്കൾക്ക് പ്രവേശനം ആവശ്യപ്പെട്ടുള്ള സത്യാഗ്രഹം.<br>● 1936 നവംബർ 12ന് തിരുവിതാംകൂറിൽ ക്ഷേത്രപ്രവേശന വിളംബരം | G | H |
| 5) ● ക്രിസ്ത്യൻ, മുസ്ലീം, ഈഴവ സമുദായക്കാർ നടത്തിയത്.<br>● സർക്കാർ ഉദ്യോഗത്തിലും, നിയമസഭയിലും ജനസംഖ്യാനുപാതിക സംവരണ ആവശ്യം.<br>● എൻ.വി .ജോസഫ്, പി.കെ .കുഞ്ഞ്, സി.കേശവൻ എന്നിവർ നേതൃത്വം നൽകി. | I | J |

16. ഐക്യകേരളത്തിലേക്ക് നയിച്ച പ്രവർത്തനങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുക

| **വർഷം** | **സംഭവങ്ങൾ** | **പ്രവർത്തനങ്ങൾ** |
|---|---|---|
| A | നാഗ്പൂർ കോൺഗ്രസ് സമ്മേളനം | ഭാഷാടിസ്ഥാനത്തിൽ സംസ്ഥാന കോൺഗ്രസ് കമ്മിറ്റികളുടെ രൂപികരണം |
| 1921 | B | കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റി നിലവിൽ വന്നു |
| 1947 | ഐക്യകേരള കൺവെൻഷൻ | C |

17. ചേരുംപടി ചേർക്കുക

| | | |
|---|---|---|
| 1) | ആന്ധ്രാ കേസരി | ഇ എം എസ് നമ്പൂതിരിപ്പാട് |
| 2) | പയ്യന്നൂർ കോൺഗ്രസ് സമ്മേളനം | ബാരിസ്റ്റർ ടി പ്രകാശം |
| 3) | ഐക്യകേരള കൺവെൻഷൻ | ജവഹർലാൽ നെഹ്റു |
| 4) | 'ഒന്നേകാൽ കോടി മലയാളികൾ' | കെ കേളപ്പൻ |





# രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും


**ഓർത്തിരിക്കാൻ......**

ഒരു നിശ്ചിത പ്രദേശത്ത് സ്ഥിരമായി അധിവസിക്കുന്നവരും പരമാധികാരമുള്ള ഗവൺമെന്റോടു കൂടിയതുമായ ഒരു ജനതയാണ് രാഷ്ട്രം. രാഷ്ട്രത്തെ കുറിച്ച് പഠിക്കുന്ന സാമൂഹ്യശാസ്ത്രശാഖയാണ് രാഷ്ട്രതന്ത്രശാസ്ത്രം. രാഷ്ട്രത്തെ വിശകലനം ചെയ്യുകയും രാഷ്ട്രത്തിന്റെ അടിസ്ഥാന ഘടകങ്ങൾ, ചുമതലകൾ, രാഷ്ട്രവും പൗരനും തമ്മിലുള്ള പരസ്പരബന്ധം, രാഷ്ട്രതന്ത്രശാസ്ത്രത്തിന്റെ ആവിർഭാവം, വളർച്ച, പഠനമേഖലകൾ തുടങ്ങിയവയാണ് ഈ യൂണിറ്റിലൂടെ വിശകലനം ചെയ്യുന്നത്.


**1. രാഷ്ട്രത്തിന്റെ അടിസ്ഥാന ഘടകങ്ങൾ - ഡയഗ്രം പൂർത്തിയാക്കുക.**




**2. രാഷ്ട്രത്തിന്റെ ചുമതലകൾ - ചാർട്ട് പൂർത്തിയാക്കുക.**





**3. രാഷ്ട്രരൂപീകരണ സിദ്ധാന്തങ്ങൾ - ഡയഗ്രം പൂർത്തിയാക്കുക.**





**4. രാഷ്ട്രരൂപീകരണസിദ്ധാന്തങ്ങൾ - ചാർട്ട് പൂർത്തിയാക്കുക.**








**5.** **ഡയഗ്രം പൂർത്തിയാക്കുക.**





**6.** **പൗരന്റെ അവകാശങ്ങൾ - ഡയഗ്രം പൂർത്തിയാക്കാം.**




**7.** **ചാർട്ട് പൂർത്തിയാക്കുക.**



**8. ദളങ്ങൾ പൂർത്തിയാക്കുക.**




**9. A കോളത്തിന് അനുയോജ്യമായി B കോളം ക്രമീകരിക്കുക.**

| A | B |
|---|---|
| നിക്കോളോ മാക്യവല്ലി | പൗരന് മെച്ചപ്പെട്ട ജീവിതം |
| അരിസ്റ്റോട്ടിൽ | പൊതുനന്മ |
| ജെർമി ബന്താം | രാഷ്ട്രതന്ത്രശാസ്ത്രത്തിന്റെ പിതാവ് |
| പ്ലേറ്റോ | രാഷ്ട്രം |

**10. രാഷ്ട്രതന്ത്ര പഠനത്തിന്റെ പ്രയോജനങ്ങൾ പട്ടികപ്പെടുത്താം.**

- ജനങ്ങളിൽ പൗരബോധം വളർത്താം
- ______________________
- ______________________


**11. ആരുടെ വാക്കുകൾ.**

❖ രാഷ്ട്രത്തെക്കുറിച്ചും ഗവൺമെന്റിനെക്കുറിച്ചുമുള്ള പഠനമാണ് രാഷ്ട്രതന്ത്രം — അരിസ്റ്റോട്ടിൽ

❖ രാഷ്ട്രത്തിന്റെ ലക്ഷ്യം ഏറ്റവും കൂടുതൽ പേർക്ക് ഏറ്റവും കൂടുതൽ നന്മ ചെയ്യലാണ്. — _____(a)______

❖ നിങ്ങൾ രാഷ്ട്രീയത്തിൽ സജീവമായി ഇടപെടാതിരിക്കുന്നതിന്റെ പരിണിതഫലം നിങ്ങളേക്കാൾ മോശമായവർ നിങ്ങളെ ഭരിക്കും എന്നതാണ് — _____(b)______

**12. ചാർട്ട് പൂർത്തിയാക്കാം.**




**13. രാഷ്ട്രതന്ത്രശാസ്ത്രത്തിന് പുരാതനഗ്രീക്ക് ചിന്തകനായ അരിസ്റ്റോട്ടിലിന്റെ സംഭാവനകൾ പട്ടികപ്പെടുത്താം.**

- ❖ 'പൊളിറ്റിക്സ്' എന്ന കൃതി രചിച്ചു.
- ❖ ______________________________
- ❖ ______________________________

**14. രാഷ്ട്രത്തെ മറ്റു സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്തമാക്കുന്നത് പരമാധികാരമാണ്. പ്രസ്താവന സാധൂകരിക്കുക.**

- ❖ ബാഹ്യനിയന്ത്രണമില്ലാതെ ആഭ്യന്തര വിഷയങ്ങളിൽ തീരുമാനമെടുക്കാനും അന്തർദേശീയ വിഷയങ്ങളിൽ സ്വന്തമായ നിലപാടെടുക്കാനുമുള്ള രാഷ്ട്രത്തിന്റെ പൂർണമായ അധികാരമാണ് പരമാധികാരം.
- ❖ ______________________________
- ❖ ______________________________

**15. രാഷ്ട്രത്തിന്റെ നിർബന്ധിതമായ ചുമതലയും വിവേചനപരമായ ചുമതലയും തമ്മിലുള്ള വ്യത്യാസം പട്ടികയിൽ എഴുതിച്ചേർക്കാം.**

| **നിർബന്ധിതമായ ചുമതല** | **വിവേചനപരമായ ചുമതല** |
|---|---|
| ♦ രാഷ്ട്രം എല്ലാക്കാലത്തും നിർബന്ധിതമായും നിർവഹിക്കേണ്ട ചുമതലകൾ | ♦ രാഷ്ട്രത്തിന്റെ സാമ്പത്തികസ്ഥിതിക്കനുസരിച്ച് നിർവഹിക്കേണ്ട ചുമതലകൾ |
| ♦ ______________________ | ♦ ______________________ |
| ♦ ______________________ | ♦ ______________________ |

Chapter
10



# പൗരബോധം


## ഓർത്തിരിക്കാൻ......

മൂല്യങ്ങൾ, മനോഭാവങ്ങൾ മുതലായവ വളർത്തി കർത്തവ്യബോധമുള്ള പൗരനെ രൂപപ്പെടുത്തുന്നതിനുള്ള ബോധപൂർവമായ ഇടപെടലാണ് പൗരബോധം എന്ന അധ്യായം. പൗരബോധത്തിലൂടെ മാത്രമേ ജനാധിപത്യവും രാഷ്ട്രനിർമാണവും പൂർണമാകുകയുള്ളൂ. പൗരന്മാരുടെ സാമൂഹ്യബോധതലത്തിലുള്ള വികാസമാണ് പൗരബോധം. പൗരബോധം പൗരന്മാരെ അച്ചടക്കബോധമുള്ളവരും അർപ്പണബോധമുള്ളവരും ചുമതലബോധമുള്ളവരും സേവനസന്നദ്ധരുമാക്കുന്നു.

2. ചേരുംപടി ചേർക്കുക.

| | പ്രവർത്തനങ്ങൾ | വ്യക്തികൾ |
|---|---|---|
| A. | ജലചൂഷണത്തിനെതിരായി പോരാടി | മദർ തെരേസ |
| B. | പൊതു റോഡു നിർമ്മിച്ചു | ഹജ്ജബ്ബ |
| C. | തനിക്ക് ലഭിക്കാതെപോയ വിദ്യാഭ്യാസം സമൂഹത്തിനാകെ ലഭിക്കാൻ | മയിലമ്മ |
| D. | 'മിഷനറീസ് ഓഫ് ചാരിറ്റി' സ്ഥാപിച്ചു. സാമൂഹ്യസേവനം നടത്തി | കല്ലേൻ പൊക്കുടൻ |
| E. | സമൂഹത്തിൽ പാരിസ്ഥിതികാവബോധം സൃഷ്ടിക്കുന്നതിനായി കണ്ടൽക്കാടുകളുടെ സംരക്ഷണത്തിന് സ്വജീവിതം നീക്കിവച്ചു. | ദശരഥ് മാഞ്ചി |

2. ഡയഗ്രം പൂർത്തിയാക്കുക.




3. സൂചനകളിൽ നിന്ന് ആശയം തിരിച്ചറിയുക.

A — ഓരോ പൗരനും സമൂഹത്തിന് വേണ്ടിയുള്ളതാണെന്നും സമൂഹത്തിന്റെ ഉത്തമ താൽപര്യങ്ങളാണ് പൗരന്റേതെന്നുമുള്ള തിരിച്ചറിവ് → A

B — നന്മതിന്മകൾ തിരിച്ചറിഞ്ഞ് നന്മയെ സ്വീകരിക്കുകയും കടമകൾ ഉത്തരവാദിത്വത്തോടെ നിർവഹിക്കുകയും ചെയ്യുക. → B

4. പട്ടിക പൂർത്തിയാക്കുക...

| **സാമൂഹിക പ്രശ്നങ്ങൾ** | **പരിഹാരങ്ങൾ** |
|---|---|
| a) ജലക്ഷാമം | • .................. A ......................<br>• മഴവെള്ള സംഭരണം |
| b) മാലിന്യപ്രശ്നം | • .................. B ...................... |
| c) അഴിമതി | • അഴിമതിക്കെതിരായ ബോധവൽക്കരണം<br>• .................. C ...................... |
| d) പ്രളയം | • സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറി താമസിക്കുക<br>• .................. D ...................... |

5. ചാർട്ട് പൂർത്തിയാക്കുക.

**പൗരബോധത്തിന്റെ പ്രാധാന്യം**


- സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും പുരോഗതിയെ പൗരബോധം വളരെയധികം സ്വാധീനിക്കുന്നു
- A ..................................
- B ..................................

6. പട്ടിക പൂർത്തിയാക്കുക.


**പൗരബോധത്തെ നിർണയിക്കുന്ന ഘടകങ്ങൾ**

| കുടുംബം | .......A........ | .......B........ | .......C........ | മാധ്യമങ്ങൾ |
|---|---|---|---|---|
| .......D........ | ലഭിക്കുന്ന അറിവുകൾ സമൂഹത്തിന് പ്രയോജനകരമായ രീതിയിൽ ഉപയോഗിക്കാൻ വ്യക്തിയെ പ്രാപ്തനാക്കുന്നു | വ്യക്തികളിൽ പൗരബോധവും മനുഷ്യാവകാശ ബോധവും രൂപപ്പെടുത്തുന്നു | സഹജീവികളെകുറിച്ച് ചിന്തിക്കാനും അവരുടെ സ്വാതന്ത്ര്യം, സമത്വം, അവകാശങ്ങൾ എന്നിവ സംരക്ഷിക്കുന്നതിന് വേണ്ടി പ്രവർത്തിക്കാനും വ്യക്തികളെ പ്രേരിപ്പിക്കുന്നു. | .......E........ |


7. മനുഷ്യജീവിതത്തിന്റെ എല്ലാതലങ്ങളിലും ഉണ്ടാവേണ്ട ധാർമികതയെ സംബന്ധിച്ച ഗാന്ധി ജിയുടെ കാഴ്ചപ്പാട് വിശദമാക്കുന്ന ലിസ്റ്റ് പൂർത്തിയാക്കുക.




8. ഡയഗ്രം പൂർത്തിയാക്കുക.




9. ചാർട്ട് പൂർത്തിയാക്കുക.




10. പൗരബോധ രൂപീകരണത്തിന് സാമൂഹ്യശാസ്ത്ര പഠനം എങ്ങനെ പ്രയോജനപ്പെടുത്താം എന്ന് വിശദമാക്കുന്ന ചാർട്ട് പൂർത്തിയാക്കുക.





Chapter
11

# സമൂഹശാസ്ത്രം : എന്ത്? എന്തിന്?

## ഓർത്തിരിക്കാൻ......

സമൂഹശാസ്ത്രപഠനത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനും സമൂഹശാസ്ത്രത്തിലെ പഠന രീതികളായ സോഷ്യൽ സർവേ, അഭിമുഖം, നിരീക്ഷണം, കേസ് ഡയറി എന്നിവയുടെ സാധ്യത തിരിച്ചറിയുന്നതിനും സമൂഹശാസ്ത്രത്തിന്റെ പ്രയോഗസാധ്യതകൾ മനസ്സിലാക്കുന്നതിനും ഈ യൂണിറ്റ് നമ്മെ സഹായിക്കുന്നു.

1. ചാർട്ട് പൂർത്തിയാക്കുക.

സർഗരചന
- a. സർഗരചന ആസ്വാദനം ലക്ഷ്യം വയ്ക്കുന്നു
- b. ................................................
- c. ................................................

സമൂഹശാസ്ത്ര പഠനം
- d. ................................................
- e. ................................................
- f. സമൂഹത്തെ വസ്തുനിഷ്ഠമായി അപഗ്രഥിക്കുന്നു.


2. A കോളത്തിന് ഉചിതമായവ B കോളത്തിൽ നിന്നും തിരഞ്ഞെടുത്ത് എഴുതുക

| A | B |
|---|---|
| സാമ്പത്തികവ്യവഹാരത്തെ കുറിച്ചുള്ള പഠനം | ചരിത്രം |
| കഴിഞ്ഞകാലത്തെക്കുറിച്ചും സംസ്കാരത്തെക്കുറിച്ചുമുള്ള അന്വേഷണം | രാഷ്ട്രതന്ത്ര ശാസ്ത്രം |
| രാഷ്ട്രത്തെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചുമുള്ള പഠനം | നരവംശശാസ്ത്രം |
| മനുഷ്യഉത്ഭവത്തെക്കുറിച്ചും വംശീയ പരിണാമത്തെക്കുറിച്ചുമുള്ള പഠനം | സമൂഹശാസ്ത്രം |
| മനുഷ്യ മനസിനെക്കുറിച്ചും മാനസികാവസ്ഥകളെ ക്കുറിച്ചുമുള്ള പഠനം | സാമ്പത്തിക ശാസ്ത്രം |


3. ഏത് നൂറ്റാണ്ടിനെ സൂചിപ്പിക്കുന്നു.





4. ചാർട്ട് പൂർത്തിയാക്കുക.





5. വ്യക്തിയെ തിരിച്ചറിയുക.





6. ചാർട്ട് പൂർത്തിയാക്കുക.




7. ഡയഗ്രം പൂർത്തിയാക്കുക.




8. ഡയഗ്രം പൂർത്തിയാക്കുക.





9. 'സമൂഹശാസ്ത്രം മനുഷ്യജീവിതത്തിന്റെ സാമൂഹിക വശങ്ങളെക്കുറിച്ചുള്ള ശാസ്ത്രീയ പഠനമാണ്'. പ്രസ്താവന സാധൂകരിക്കുക.




10. സമൂഹശാസ്ത്ര പഠനത്തിന്റെ പ്രാധാന്യം പട്ടികപ്പെടുത്തുക.

| | |
|---|---|
| a | സമൂഹത്തിന്റെ ശരിയായ ധാരണ രൂപപ്പെടുത്താൻ സഹായിക്കുന്നു |
| b | ........................................................................................ |
| c | ........................................................................................ |
| d. | സാമൂഹിക പ്രശ്നങ്ങൾ സൂക്ഷ്മമായി പഠിക്കുന്നു |
| e | ........................................................................................ |
| f | ........................................................................................ |

11. പദസൂര്യൻ പൂർത്തിയാക്കുക.




12. ചാർട്ട് പൂർത്തിയാക്കുക.





13. പട്ടിക പൂർത്തിയാക്കുക.

| | | |
|---|---|---|
| 1. | രാജ്യത്തിന്റെ ആകെ ജനങ്ങളുടെ വിവരം ശേഖരിക്കുന്ന സർവേ | a..................... |
| 2. | സമൂഹശാസ്ത്രപഠനത്തിന് ഏറ്റവും അനുയോജ്യമായ രീതി | b..................... |
| 3. | വിവരശേഖരണത്തിനായി ഗവേഷകർ ഉപയോഗിക്കുന്ന ചോദ്യങ്ങളുടെ പട്ടിക | c..................... |
| 4. | വാമൊഴിയായി വിവരങ്ങൾ ശേഖരിക്കുന്ന ഒരു രീതി | അഭിമുഖം |

| | | |
|---|---|---|
| 5. | കാണുന്നതും കേൾക്കുന്നതും സത്യസന്ധമായി രേഖപ്പെടുത്തുന്ന രീതി | d ...................... |
| 6. | കേസിനെക്കുറിച്ചുള്ള വിശദമായ പഠനം | e ....................... |

14. അഭിമുഖത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ കണ്ടെത്തി ചാർട്ട് പൂർത്തിയാക്കുക.





15. താഴെപ്പറയുന്ന ആശയങ്ങൾ താരതമ്യം ചെയ്യുക.

| അഭിമുഖം | ചോദ്യാവലി |
|---|---|
| a ...................................... | 1. വിവരങ്ങൾ രേഖാമൂലം നൽകുന്നു |
| b. ഗവേഷകൻ വിവരങ്ങൾ രേഖപ്പെടുത്തുന്നു | 2. .......................................... |
| c. ..................................... | 3. ........................................... |
| d. ...................................... | 4. ........................................... |

16. A കോളത്തിന് ഉചിതമായവ B കോളത്തിൽ നിന്നും തിരഞ്ഞെടുത്ത് എഴുതുക

| A | B |
|---|---|
| 1 പഠന വിധേയമാക്കുന്ന സംഘം | ഫീൽഡ് വർക്ക് |
| 2. പങ്കാളിത്തനിരീക്ഷണം | കേസ് സ്റ്റഡി |
| 3. കേസിനെക്കുറിച്ചുള്ള വിശദമായ പഠനം | പ്രതികർത്താക്കൾ |

17. നിരീക്ഷണ രീതി ഏതെന്ന് കണ്ടെത്തുക.



18. പട്ടിക പൂർത്തിയാക്കുക.

പങ്കാളിത്ത നിരീക്ഷണത്തിന്റെ സവിശേഷതകൾ

| | |
|---|---|
| a | ........................................................................ |
| b | സമൂഹശാസ്ത്രത്തിലെ ജനപ്രിയരീതിയാണ്. |
| c | ........................................................................ |
| d | ........................................................................ |
| e | ........................................................................ |




# 6 സമരവും സ്വാതന്ത്ര്യവും

1. ❖ വക്കീലന്മാർ കോടതി ബഹിഷ്കരിക്കുക
   ❖ വിദേശവസ്തുക്കൾ ബഹിഷ്കരിക്കുക
   ❖ നികുതി നൽകാതിരിക്കുക
   ❖ തിരഞ്ഞെടുപ്പുകൾ ബഹിഷ്കരിക്കുക
2. (a) അഹമ്മദാബാദ് ടെക്സ്റ്റൈയിൽ അസോസിയേഷൻ
   (b) മദ്രാസ് ലേബർ യൂണിയൻ
3. ❖ ചർക്കയിൽ നൂൽ നൂറ്റ് ഖാദിവസ്ത്രങ്ങൾ നെയ്തു
   ❖ ദേശീയ വിദ്യാലയങ്ങൾ ആരംഭിച്ചു
   ❖ ഹിന്ദി പ്രചരിപ്പിച്ചു
   ❖ അയിത്തോച്ചാടനപ്രവർത്തനങ്ങൾ നടത്തി
4. (a) മുസ്ലീങ്ങൾക്ക് ഭൂരിപക്ഷമുള്ള പ്രദേശത്ത് അവർ ആഗ്രഹിക്കുകയാണെങ്കിൽ ഒരു പ്രത്യേകരാജ്യം അനുവദിക്കേണ്ടതാണ്.
   (b) ബംഗാളിലെയും പഞ്ചാബിലെയും ഹിന്ദു – മുസ്ലിം സംസ്ഥാനങ്ങളുടെ അതിർത്തി നിർണയിക്കുന്നതിന് ഒരു അതിർത്തിനിർണയ കമ്മീഷനെ നിയമിക്കുന്നതാണ്.
   (c) പഞ്ചാബും ബംഗാളും രണ്ടായി വിഭജിക്കണം.
5. ● കൃഷിക്കാർക്ക് 50% നികുതിയിളവ് നൽകുക
   ● വിദേശവസ്ത്രങ്ങളുടെ ഇറക്കുമതിക്ക് ചുമത്തുന്ന നികുതി വർധിപ്പിക്കുക
   ● രാഷ്ട്രീയത്തടവുകാരെ വിട്ടയയ്ക്കുക
   ● സൈനികച്ചെലവും ഉയർന്ന ഉദ്യോഗസ്ഥരുടെ ശമ്പളവും വെട്ടിക്കുറയ്ക്കുക
   ● ഇന്ത്യക്കാരെ നിരീക്ഷിക്കുന്നതിനായി നിയോഗിച്ചിട്ടുള്ള രഹസ്യന്വേഷണ വിഭാഗത്തെ പിരിച്ചുവിടുക
   ● തീരദേശ കപ്പൽ ഗതാഗതം ആരംഭിക്കുക
   ● സമ്പൂർണ മദ്യനിരോധനം നടപ്പാക്കുക
6. (a) ക്വിറ്റ് ഇന്ത്യ സമരം
   (b) സരോജിനി നായിഡു
   (c) സ്വരാജ് പാർട്ടി

(d) മുഹമ്മദലി ജിന്ന

(e) മൗണ്ട്ബാറ്റൺ പ്രഭു

(f) റൗലറ്റ് നിയമം

(g) ഖിലാഫത്ത്പ്രസ്ഥാനം

(h) ചൗരിചൗര സംഭവം

7.

| A | B |
|---|---|
| റാഷ്ബിഹാരി ബോസ് | ഐ.എൻ.എ |
| സി.ആർ.ദാസ് | സ്വരാജ് പാർട്ടി |
| സുഭാഷ് ചന്ദ്രബോസ് | ഫോർവേഡ് ബ്ലോക്ക് |
| ലാലാ ഹർദയാൽ | ഗദർപാർട്ടി |

8. (a) ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ അന്തിമ ലക്ഷ്യം പൂർണ്ണസ്വരാജ്(പൂർണ്ണ സ്വാതന്ത്ര്യം) എന്ന് പ്രഖ്യാപിച്ചു

(b) സിവിൽ നിയമ ലംഘനം ആരംഭിക്കാൻ തീരുമാനിച്ചു

9.
- ഗാന്ധിജിയുടെ സമരരീതിയും ആശയങ്ങളും സാധാരണക്കാരായ ജനങ്ങൾക്ക് പരിചയപ്പെടാൻ അവസരം ലഭിച്ചു
- വിദ്യാസമ്പന്നരായ ആളുകൾക്കിടയിൽ മാത്രമായി ഒതുങ്ങി നിന്നിരുന്ന ദേശീയ പ്രസ്ഥാനത്തിലേക്ക് സാധാരണക്കാരായ ജനങ്ങളും ആകർഷിക്കപ്പെട്ടു.
- പട്ടണങ്ങളിൽ മാത്രം ഒതുങ്ങിനിന്നിരുന്ന ദേശീയ പ്രസ്ഥാനത്തിന് ഗ്രാമപ്രദേശങ്ങളിലും വേരോട്ടമുണ്ടായി

10. (a) ബ്രിട്ടീഷ് സർക്കാരിന്റെ നികുതിവരുമാനത്തിന്റെ അഞ്ചിൽ രണ്ടുഭാഗവും ഉപ്പിനുമേൽ ചുമത്തുന്ന നികുതിയായിരുന്നു

(b) ദരിദ്രർക്ക് ഈ നികുതി വലിയ ഭാരമായിരുന്നു

(c) തദ്ദേശീയരായ ചെറുകിട ഉപ്പുൽപ്പാദകർക്കുമേൽ ഉപ്പുണ്ടാക്കുന്നതിന് നിരോധനം ഏർപ്പെടുത്തി

(d) ഉപ്പിന്റെ വില മൂന്ന് മടങ്ങ് വർധിച്ചു

(e) സാധാരണക്കാരെ ഉണർത്താൻ ഉതകുന്ന ഒരു മുദ്രാവാക്യമായിരുന്നു ഇത്.

11. **പ്രാദേശിക സമരങ്ങൾ**
- ചമ്പാരൻ സമരം
- അഹമ്മദാബാദ് തുണിമിൽ സമരം
- ഖേഡ സമരം

**ദേശീയ സമരങ്ങൾ**
- നിസ്സഹകരണ സമരം
- സിവിൽ നിയമലംഘന സമരം
- ക്വിറ്റിന്ത്യാ സമരം

12.

| സമരങ്ങൾ | (A) നീലം കർഷക സമരം | തുണിമിൽ സമരം | (B) കർഷക സമരം |
|---|---|---|---|
| സ്ഥലം | ചമ്പാരൻ | (C) അഹമ്മദാബാദ് | ഖേഡ |
| കാരണം | നീലം കർഷകരുടെ ദുരിതം | (D) പ്ലേഗ് ബോണസ് നിർത്തലാക്കി | വരൾച്ചയും കൃഷിനാശവും മൂലം ദുരിതം |
| ഫലം | (E) നീലം കർഷകർക്ക് അനുകൂലമായ നിയമം പാസ്സാക്കി | ശമ്പള വർദ്ധനവിന് സമ്മതിച്ചു | (F) നികുതിയിളവ് അനുവദിച്ചു |

13.
- ഇന്ത്യയിൽ ഭരണഘടനാ പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ ബ്രിട്ടൺ കാണിച്ച വൈമനസ്യം
- രണ്ടാം ലോകയുദ്ധത്തിൽ ബ്രിട്ടൺ പരാജയപ്പെടുമെന്ന തോന്നൽ

14.

| A | B |
|---|---|
| ഫോർവേഡ് ബ്ലോക്ക് | സുഭാഷ് ചന്ദ്രബോസ് |
| റിപ്പബ്ളിക്കൻ ആർമി | ഭഗത് സിങ്, രാജ്ഗുരു, സുഖ്ദേവ്, ചന്ദ്രശേഖർ ആസാദ് |
| അഭിനവ് ഭാരത് സൊസൈറ്റി | വി.ഡി. സവർക്കർ |
| ഝാൻസിറാണി റെജിമെന്റ് | ക്യാപ്റ്റൻ ലക്ഷ്മി |
| അനുശീലൻ സമിതി | ബരീന്ദർ കുമാർ ഘോഷ്, പുലിൻ ബിഹാരി ദാസ് |
| ഗദർ പാർട്ടി | ലാലാ ഹർദയാൽ |
| ഇന്ത്യൻ റിപ്പബ്ളിക്കൻ ആർമി | സൂര്യസെൻ |
| കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി | ജയപ്രകാശ് നാരായൺ |

15.
- 1922 ലെ ചൗരി ചൗരാ സംഭാവത്തോടെയാണ് ഗാന്ധിജി നിസ്സഹകരണ സമരം നിർത്തിവച്ചത്
- ഉത്തർപ്രദേശിലെ ചൗരി ചൗരാ എന്ന ഗ്രാമത്തിൽ ജനങ്ങൾക്കുനേരെ പോലീസ് വെടിവച്ചതിൽ രോഷാകുലരായ ജനങ്ങൾ പോലീസ് സ്റ്റേഷൻ ആക്രമിച്ച് തീയിട്ടു
- 22 പോലീസുകാർ കൊല്ലപ്പെട്ട ഈ സംഭവം നിസ്സഹകരണ സമരം നിർത്തിവക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ചു

16 A. തൊഴിലാളികൾ പണിമുടക്കി

B. വിദ്യാർത്ഥികൾ ബ്രിട്ടീഷ് സർക്കാരിന്റെ സ്കൂളുകളും കോളേജുകളും ഉപേക്ഷിച്ചു

C. സ്ത്രീകളടക്കമുള്ള ജനങ്ങൾ വിദേശ വസ്ത്രങ്ങൾ പൊതുനിരത്തുകളിൽ കൂട്ടിയിട്ട് കത്തിച്ചു

17.

| **A** | **B** |
|---|---|
| എൻ എം ജോഷി, ലാലാ ലജ്പത് റായി | എ .ഐ .റ്റി .യു .സി |
| എൻ. ജി .രംഗ | അഖിലേന്ത്യാ കിസാൻ സഭ |
| തേഭാഗസമരം | ബംഗാൾ |
| തെലങ്കാനസമരം | ആന്ധ്രാപ്രദേശ് |
| നാവികകലാപം | ബോംബെ |

# 7 സ്വാതന്ത്ര്യാനന്തര ഇന്ത്യ

1. A) ചൗ എൻ ലായ്

   B)
   - പരസ്പരം ആക്രമിക്കാതിരിക്കുക.
   - ആഭ്യന്തരകാര്യങ്ങളിൽ പരസ്പരം ഇടപെടാതിരിക്കുക.
   - സമത്വവും പരസ്പരസഹായവും പുലർത്തുക.
   - സമാധാനപരമായ സഹവർത്തിത്വം പാലിക്കുക.

2. b) പ്രൈമറി തലത്തിൽ വിദ്യാഭ്യാസം സാർവ്വത്രികമാക്കാനും സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനും 'ഓപ്പറേഷൻ ബ്ലാക്ക് ബോർഡ്' പദ്ധതി നടപ്പിലാക്കണം.

   c) ഓരോ ജില്ലയിലും നവോദയ വിദ്യാലയങ്ങൾ സ്ഥാപിക്കണം

   d) പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് പ്രോത്സാഹനം നൽകണം

3. ❖ ഇന്ത്യൻ കാർഷിക ഗവേഷണ സമിതി

   ❖ ഇന്ത്യൻ മെഡിക്കൽ ഗവേഷണ സമിതി

4.

| കമ്മിഷനുകൾ | ലക്ഷ്യങ്ങൾ | ശുപാർശകൾ |
|---|---|---|
| ഡോ: രാധാകൃഷ്ണൻ കമ്മിഷൻ [ 1948] | സർവകലാശാലാ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള പഠനം | ● തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുക<br>● സ്ത്രീവിദ്യാഭ്യാസത്തിനു പ്രാധാന്യം നൽകണം.<br>● യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷൻ (യു.ജി.സി) രൂപീകരിക്കണം. |
| ഡോ: ലക്ഷ്മണസ്വാമി മുതലിയാർ കമ്മീഷൻ [ 1952 ] | സെക്കണ്ടറി വിദ്യാഭ്യാസ മേഖലയെക്കുറിച്ചുള്ള പഠനം | ● ത്രിഭാഷാ പദ്ധതി നടപ്പിലാക്കണം<br>● സെക്കണ്ടറി തലത്തിൽ വിദ്യാഭ്യാസ കമ്മീഷൻ രൂപീകരിക്കണം.<br>● വിവിധോദ്ദേശ്യ സ്കൂളുകൾ സ്ഥാപിക്കണം<br>● അധ്യാപകപരിശീലന സമിതി രൂപീകരിക്കണം. |
| ഡോ: ഡി.എസ്. കോത്താരി കമ്മിഷൻ [ 1964 ] | വിദ്യാഭ്യാസത്തിന്റെ ദേശീയ മാതൃകയെപ്പറ്റിയുള്ള നിർദ്ദേശം | ● 10+2+3 മാതൃകയിൽ വിദ്യാഭ്യാസം നടപ്പിലാക്കണം<br>● സെക്കണ്ടറി തലത്തിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നടപ്പിലാക്കണം.<br>● മൂല്യവിദ്യാഭ്യാസത്തിന് ഊന്നൽ നൽകണം. |

5. ● വംശീയ വാദത്തോടുള്ള വിദ്വേഷം
   ● ഐക്യരാഷ്ട്രസഭയിലുള്ള വിശ്വാസം
   ● സമാധാനപരമായ സഹവർത്തിത്വം
   ● പഞ്ചശീല തത്ത്വങ്ങൾ
6. ● ഡോ.ഡി.എസ്.കോത്താരി
7. ● 2009
8. ● നാട്ടുരാജ്യങ്ങൾക്ക് ഇന്ത്യയിലോ പാകിസ്ഥാനിലോ ചേരാനോ സ്വതന്ത്രമായി നിൽക്കാനോ ബ്രിട്ടൻ അധികാരം നൽകി.
   ● നാട്ടുരാജ്യങ്ങളുടെ സംയോജനത്തിനായി സർദാർ വല്ലഭ്ഭായി പട്ടേലും വി.പി.മേനോനും ചേർന്ന് ലയനക്കരാർ തയ്യാറാക്കി.
   ● ഹൈദരാബാദ്, ജുനഗഡ്, കാശ്മീർ എന്നീ നാട്ടുരാജ്യങ്ങൾ ഇന്ത്യൻ യൂണിയനിൽ ചേരാൻ വിസമ്മതിച്ചു.
9. ● സർദാർ വല്ലഭ്ഭായ് പട്ടേൽ
   ● ലയനക്കരാർ അനുസരിച്ച് പ്രതിരോധം, വിദേശകാര്യം, വാർത്താവിനിമയം എന്നിവയുടെ നിയന്ത്രണം നാട്ടുരാജ്യങ്ങൾ കേന്ദ്രസർക്കാരിന് കൈമാറണം.
   ● പ്രായോഗിക സമീപനങ്ങളിലൂടെ ഭൂരിഭാഗം നാട്ടുരാജ്യങ്ങളെയും ലയന കരാറിൽ ഒപ്പ് വയ്പ്പിച്ചു.
   ● വിസമ്മതിച്ച നാട്ടുരാജ്യങ്ങളെ അനുരഞ്ജനത്തിലൂടെയും സൈനിക നടപടിയിലൂടെയും ഇന്ത്യൻ യൂണിയനിൽ ചേർത്തു.

10.

| ലയനക്കരാർ | ഇന്ത്യൻ യൂണിയനിൽ ചേരാൻ വിസ്സമ്മതിച്ച പ്രദേശങ്ങൾ | ഫ്രഞ്ച് അധിനിവേശ പ്രദേശങ്ങൾ | പോർട്ടുഗീസ് അധിനിവേശ പ്രദേശങ്ങൾ |
|---|---|---|---|
| ● സർദാർ വല്ലഭ്ഭായ് പട്ടേൽ<br>● വി.പി.മേനോൻ | ● ഹൈദ്രാബാദ്<br>● ജുനഗഡ്<br>● കാശ്മീർ | ● പോണ്ടിച്ചേരി<br>● കാരയ്ക്കൽ<br>● മാഹി<br>● യാനം | ● ഗോവ<br>● ദാമൻ<br>● ദിയു |

11. A) ആന്ധ്ര സംസ്ഥാനത്തിനായി പോട്ടി ശ്രീരാമലുവിന്റെ നിരാഹാര സമരവും മരണവും
    B) 1956 ൽ ഇന്ത്യൻ സംസ്ഥാന പുനഃസംഘടനാ നിയമം പാസാക്കി.
12. ❖ 1951 ൽ പഞ്ചവത്സര പദ്ധതികൾക്ക് തുടക്കം കുറിച്ചു
    ❖ ഇരുമ്പുരുക്ക് വ്യവസായ ശാലകൾ ആരംഭിച്ചു
    ❖ വിവിധോദ്ദേശ്യ അണക്കെട്ടുകൾ നിർമ്മിച്ചു
13. B) 1975 ൽ ആര്യഭട്ട എന്ന ഉപഗ്രഹം വിജയകരമായി വിക്ഷേപിച്ചു
    C) ഇന്ത്യയുടെ ആദ്യത്തെ ചന്ദ്ര പരീക്ഷണ ദൗത്യമാണ് ചന്ദ്രയാൻ
    D) ഇന്ത്യൻ ബഹിരാകാശവകുപ്പിന്റെ ചൊവ്വദൗത്യമാണ് മംഗൾയാൻ

# 4 കേരളം ആധുനികതയിലേയ്ക്ക്

1) 1) കുളച്ചൽ യുദ്ധം

2) ക്യാപ്റ്റൻ വില്യം കീലിങ്

3) ആറ്റിങ്ങൽ കലാപം

4) 1792

5) 1805 നവംബർ 30

2) ● കോട്ടയം പ്രദേശത്തിന്റ നികുതി പിരിക്കാനുള്ള അധികാരം ബ്രിട്ടീഷുകാർ നിഷേധിച്ചത്.

3) ● ചെമ്പൻ പോക്കർ

● കൈതേരി അമ്പുനായർ

● തലക്കൽ ചന്തു

● എടച്ചേന കുങ്കൻ നായർ

4) ● വ്യാപാരത്തിനായി ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തി.

● റോഡുകളും പാലങ്ങളും റെയിൽപ്പാളങ്ങളും പണിതു.

● ചരക്കുഗതാഗതം സുഗമമാക്കാൻ കൊച്ചി, കോഴിക്കോട്, ആലപ്പുഴ തുറമുഖങ്ങൾ വികസിപ്പിച്ചു.

5) 1. 1929

2. 1865

3. 1896

4. 1741

5. 1721

6) 1) ആലപ്പുഴ

2) കൊല്ലം

3) ഫറോക്ക്, കൊല്ലം, ഒല്ലൂർ

4) കണ്ണൂർ, കോഴിക്കോട്

5) കണ്ണൂർ

6) ആലപ്പുഴ

7) A. കർഷകർക്ക് കൃഷി ഭൂമിയിൽ നാമമാത്രമായ അവകാശം ലഭിച്ചു.

B. 1896 ൽ പാസാക്കിയ ജൻമി കുടിയാൻ നിയമം കുടിയാന് ഭൂമിയുടെ മേൽ ഉടമസ്ഥാവകാശം ലഭിച്ചു.

C. 1914 ൽ കുടിയായ്മ നിയമം നിലവിൽ വന്നു.

8) A. കളമശ്ശേരിയിലെ ഫാക്ട് (FACT)

B. തിരുവനന്തപുരത്തെ റബ്ബർ വർക്സ്

C. കൊച്ചിയിലെ ടാറ്റ ഓയിൽ മിൽസ്

D. കൊച്ചിയിലെ അളഗപ്പ തുണിമിൽ

9) ❖ ഇന്ത്യൻ നാഷണൽ ബാങ്ക്

❖ ചാർട്ടേഡ് ബാങ്ക്

10) 1) ഡോ.ആഞ്ചലോസ് ഫ്രാൻസിസ്

2) അർണോസ് പാതിരി

3) സംക്ഷേപവേദാർഥം

4) ബെഞ്ചമിൻ ബെയ്‌ലി

5) ഡോ.ഹെർമൻ ഗുണ്ടർട്ട്

6) രാജ്യസമാചാരം, പശ്ചിമോദയം

11) A) കൊച്ചി, തിരുവിതാംകൂർ

B) ബാസൽ ഇവാഞ്ചലിക്കൽ മിഷൻ (ബി.ഇ.എം)

12) ❖ ശിക്ഷാവിധികൾ ഏകീകരിച്ചു.

❖ നിയമത്തിനു മുന്നിൽ എല്ലാവരും തുല്യരായി.

❖ കേസുകളുടെ വിചാരണയ്ക്കായി വിവിധ സ്ഥലങ്ങളിൽ കോടതികൾ സ്ഥാപിച്ചു.

13) ❖ വസൂരി തടയാനുള്ള കുത്തിവയ്പ്പ് ആദ്യമായി നടത്തിയത് മലബാറിലാണ്.

❖ തിരുവിതാംകൂറിലേക്ക് ഇംഗ്ലണ്ടിൽ നിന്ന് മരുന്ന് വരുത്തി.

14) A. സമത്വസമാജം

B. കൂട്ടുകുടുംബവ്യവസ്ഥ, സംബന്ധം, മരുമക്കത്തായം എന്നിവയ്ക്കെതിരെ പോരാടി.

C. കുര്യാക്കോസ് ഏലിയാസ് ചാവറ

D. സാധുജന പരിപാലന സംഘം

E. തിരുവിതാംകൂർ മുസ്ലീം മഹാജനസഭ

F. വാഗ്ഭടാനന്ദൻ

G. സഹോദരപ്രസ്ഥാനം

H. അരയസമാജം

I. മന്നത്ത് പത്മനാഭൻ

J. ശ്രീനാരായണധർമ്മ പരിപാലനയോഗം

K. കുമാര ഗുരുദേവൻ

L വി.ടി.ഭട്ടതിരിപ്പാട്

15) A. ചാന്നാർ ലഹള

B. 1859

C. മലയാളി മെമ്മോറിയൽ

D. 1891

E. വൈക്കം സത്യാഗ്രഹം

F. 1924

G. ഗുരുവായൂർ സത്യാഗ്രഹം

H. 1931

I. നിവർത്തന പ്രക്ഷോഭം

J. 1932

16. A. 1920

B. ഒറ്റപ്പാലം സമ്മേളനം

C. 1949 ജൂലായ് 1 ന് തിരുവിതാംകൂറിനെയും കൊച്ചിയേയും സംയോജിപ്പിച്ച് തിരു-കൊച്ചി സംസ്ഥാനം രൂപീകരിച്ചു.

17. 1) ബാരിസ്റ്റർ ടി പ്രകാശം

2) ജവഹർലാൽ നെഹ്റു

3) കെ കേളപ്പൻ

4) ഇ എം എസ് നമ്പൂതിരിപ്പാട്

# 9 രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും

1. (a) ഭൂപ്രദേശം
   (b) ഒരു പ്രദേശത്ത് ജനങ്ങൾ സ്ഥിരതാമസമാക്കി പരമാധികാര ഗവൺമെന്റ് സ്ഥാപിതമാകുമ്പോൾ രാഷ്ട്രം രൂപീകരിക്കപ്പെടുന്നു.
   (c) ഗവൺമെന്റ്
   (d) ജനങ്ങൾക്ക് സുരക്ഷ ഉറപ്പാക്കുന്നതും വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതും ഗവൺമെന്റാണ്
   (e) പരമാധികാരം
   (f) മറ്റ് സ്ഥാപനങ്ങളിൽ നിന്നും രാഷ്ട്രത്തെ വ്യത്യസ്തമാക്കുന്നത് പരമാധികാരമാണ്.
   g) പരസ്പരധാരണ, പൊതുതാല്പര്യം എന്നിവ അടിസ്ഥാനമാക്കി ജനങ്ങൾ ഒത്തൊരുമയോടെ പ്രവർത്തിക്കേണ്ടത് രാഷ്ട്രത്തിന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്.

2. **രാഷ്ട്രത്തിന്റെ ചുമതലകൾ**

| **നിർബന്ധിതമായ ചുമതലകൾ** | **വിവേചനപരമായ ചുമതലകൾ** |
|---|---|
| ◈ അതിർത്തി സംരക്ഷണം | ◈ ആരോഗ്യസംരക്ഷണം നൽകുക |
| ◈ ആഭ്യന്തര സമാധാനം | ◈ വിദ്യാഭ്യാസ സൗകര്യം ഒരുക്കുക |
| ◈ അവകാശ സംരക്ഷണം | ◈ ക്ഷേമപദ്ധതികൾ നടപ്പാക്കുക |
| ◈ നീതി നടപ്പാക്കൽ | ◈ ഗതാഗത സൗകര്യം ഒരുക്കുക |

3. (a) പരിണാമസിദ്ധാന്തം
   (b) സാമൂഹിക ഉടമ്പടി സിദ്ധാന്തം
   (c) ശക്തിസിദ്ധാന്തം

4. **ദൈവദത്തസിദ്ധാന്തം**
   ◈ രാജാവ് ദൈവത്തിന്റെ പ്രതിപുരുഷനാണ്
   ◈ ദൈവത്തോട് മാത്രമേ രാജാവിന് കടപ്പാടുള്ളൂ

   **പരിണാമസിദ്ധാന്തം**
   ◈ സാമൂഹിക പരിണാമ പ്രക്രിയയുടെ ഫലമായി രൂപം കൊണ്ടു.

   **സാമൂഹിക ഉടമ്പടിസിദ്ധാന്തം**
   ◈ മനുഷ്യന്റെ ആവശ്യങ്ങൾ സാക്ഷാൽക്കരിക്കുന്നതിനുവേണ്ടി അവർ രാഷ്ട്രത്തിന് രൂപം നൽകി.

   **ശക്തിസിദ്ധാന്തം**
   ◈ ശക്തരായവർ ദുർബലരായവരുടെമേൽ ആധിപത്യം സ്ഥാപിച്ചതിലൂടെ രാഷ്ട്രം രൂപീകരിക്കപ്പെട്ടു.

5. a) അവകാശങ്ങൾ     b) കടമകൾ

6. **പൗരന്റെ അവകാശങ്ങൾ**
   ❖ വോട്ടു ചെയ്യാനുള്ള അവകാശം
   ❖ ഔദ്യോഗിക സ്ഥാനങ്ങൾ വഹിക്കാനുള്ള അവകാശം

- ❖ സംഘടനകൾ രൂപീകരിക്കാനുള്ള അവകാശം
- ❖ ഇന്ത്യൻ പ്രദേശത്തെവിടെയും താമസിക്കാനും സ്ഥിരവാസമുറപ്പിക്കാനുമുള്ള അവകാശം

7. (a) ജന്മനാലഭിക്കുന്ന പൗരത്വമാണ് സ്വാഭാവിക പൗരത്വം.

   (b) ആർജിത പൗരത്വം

8. (a) രാഷ്ട്രീയ സിദ്ധാന്തങ്ങൾ

   (b) താരതമ്യ രാഷ്ട്രീയം

   (c) അന്തർദേശീയ രാഷ്ട്രീയം

9.

| | | |
|---|---|---|
| നിക്കോളോ മാക്യവല്ലി | - | രാഷ്ട്രം |
| അരിസ്റ്റോട്ടിൽ | - | രാഷ്ട്രതന്ത്രപിതാവ് |
| ജർമിബന്താം | - | പൊതുനന്മ |
| പ്ലേറ്റോ | - | പൗരന് മെച്ചപ്പെട്ട ജീവിതം |

10. ◈ സാമൂഹിക രാഷ്ട്രീയ സാമ്പത്തിക പ്രശ്നങ്ങളിൽ യുക്തിപൂർവ്വം ഇടപെടാൻ സഹായിക്കും

    ◈ മെച്ചപ്പെട്ട രാഷ്ട്രീയ വ്യവസ്ഥയ്ക്ക് രൂപം നൽകാൻ

11. (a) ജെർമി ബന്താം

    (b) പ്ലേറ്റോ

12. (a) ബാഹ്യതലം

    (b) ഭൂപ്രദേശപരിധിക്കുള്ളിൽ എല്ലാവിഷയത്തിലും തീരുമാനമെടുക്കാനുള്ള അധികാരം.

13. ◈ "രാഷ്ട്രത്തെക്കുറിച്ചും ഗവൺമെന്റിനെ കുറിച്ചുമുള്ള പഠനമാണ് രാഷ്ട്രതന്ത്രശാസ്ത്രം". ഈ നിർവ്വചനം അരിസ്റ്റോട്ടിൽ നൽകി.

    ◈ രാഷ്ട്രത്തെ സമഗ്രമായി വിശകലനം ചെയ്തു.

14. ◈ ജനങ്ങളും ഭൂപ്രദേശവും ഗവൺമെന്റും ഉണ്ടായാലും രാഷ്ട്രം രൂപീകരിക്കില്ല.

    ◈ പരമാധികാരം ഉണ്ടെങ്കിൽ മാത്രമേ രാഷ്ട്രം നിലവിൽ വരുകയുള്ളൂ.

    ◈ രാഷ്ട്രത്തിന്റെ സമ്പൂർണ്ണവും അപരിമിതവും അവിഭാജ്യവുമായ അധികാരമാണ് പരമാധികാരം.

15.

| **നിർബന്ധിതമായ ചുമതലകൾ** | **വിവേചനപരമായ ചുമകതലകൾ** |
|---|---|
| ◈ നിർബന്ധിത ചുമതലകൾ നിർവ്വഹിക്കുന്നതിൽനിന്നും രാഷ്ട്രങ്ങൾ മാറി നിൽക്കാനാവില്ല | ◈ ഇത്തരം ചുമതലകളുടെ നിർവ്വഹണം ജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട ജീവിതം സാധ്യമാക്കും |
| ◈ ഈ ചുമതലകൾ നിർവ്വഹിക്കാത്തപക്ഷം ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉണ്ടാവുകയില്ല | ◈ രാഷ്ട്രത്തിന്റെ വിവേചനപരമായ ചുമതലകളുടെ പരിധി നിശ്ചയിക്കുക സാധ്യമല്ല |

# 10 പൗരബോധം

1 A. മയിലമ്മ

B. ദശരഥ് മാഞ്ചി

C. ഹജ്ജബ്ബ

D. മദർ തെരേസ

E. കല്ലേൻ പൊക്കുടൻ

2 A. നിസ്വാർഥമായ സേവനം

B. സമൂഹത്തിന്റെയും സഹജീവികളുടെയും പ്രശ്നങ്ങളെക്കുറിച്ചുള്ള അവബോധം

C. സേവനസന്നദ്ധത

3. A. പൗരബോധം B. ധാർമികത

4. A. ജലത്തിന്റെ കാര്യക്ഷമതയോടെയുള്ള ഉപയോഗം

B. ഉറവിട മാലിന്യസംസ്കരണം

C. പരാതിപ്പെടുക

D. കുന്നുകളും മരങ്ങളും സംരക്ഷിക്കുക.

5. A. പൗരബോധമില്ലെങ്കിൽ മനുഷ്യൻ സ്വാർഥനാകും

B. ഇത് സാമൂഹികജീവിതത്തെ പ്രതികൂലമായി ബാധിക്കും

6. A. വിദ്യാഭ്യാസം

B. സംഘടനകൾ

C. ജനാധിപത്യവ്യവസ്ഥ

D. കർത്തവ്യബോധം വളർത്തുകയും നിലനിർത്തുകയും ചെയ്യുന്നു.

E. ശരിയായതും വസ്തുനിഷ്ഠവുമായ വിവരങ്ങൾ ക്രിയാത്മകമായ ആശയരൂപീകരണത്തിലേക്ക് നയിക്കും.

7. A. അധ്വാനമില്ലാത്ത സമ്പത്ത്

B. സ്വഭാവമഹിമയില്ലാത്ത വിദ്യാഭ്യാസം

C. മനുഷ്യത്വമില്ലാത്ത ശാസ്ത്രം

8. A. മറ്റുള്ളവരിൽനിന്ന് പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ നമ്മിൽനിന്ന് തുടങ്ങുക.

B. അവകാശങ്ങൾക്കൊപ്പം ചുമതലകൾക്കും തുല്യപരിഗണന നൽകുക.

9. A. ചരിത്രസ്മാരകങ്ങൾ സംരക്ഷിക്കുക

B. പ്രകൃതിയെ സംരക്ഷിക്കുക

10. A. രാഷ്ട്രീയസാമൂഹികസാമ്പത്തികപാരിസ്ഥിതികപ്രശ്നങ്ങളുടെ വിവിധ പശ്ചാത്തലങ്ങൾ മനസ്സിലാക്കാൻ സഹായിക്കുന്നു

B. വിവിധ പ്രശ്നങ്ങൾക്ക് സമഗ്രമായ പരിഹാരം നിർദേശിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുന്നു

# 11 സമൂഹശാസ്ത്രം : എന്ത്? എന്തിന്

1. b. ഭാവന, സർഗ്ഗാത്മകത എന്നിവ ഉപയോഗിച്ച് രചന നടത്തുന്നു.
   c. സാമൂഹിക സംഭവങ്ങൾ സൗന്ദര്യാത്മക തലങ്ങളിൽ ആവിഷ്കരിക്കുന്നു.
   d. സാമൂഹിക പ്രതിഭാസങ്ങൾ / വിഷയങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്യുന്നു.
   e. സാമൂഹികാവസ്ഥകളെ കാര്യകാരണ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ അപഗ്രഥിക്കുന്നു.

2.

| A | B |
|---|---|
| സാമ്പത്തികവ്യവഹാരത്തെ കുറിച്ചുള്ള പഠനം | സാമ്പത്തിക ശാസ്ത്രം |
| കഴിഞ്ഞകാലത്തെക്കുറിച്ചും സംസ്കാരത്തെക്കുറിച്ചുമുള്ള അന്വേഷണം | ചരിത്രം |
| രാഷ്ട്രത്തെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചുമുള്ള പഠനം | രാഷ്ട്രതന്ത്രശാസ്ത്രം |
| മനുഷ്യഉത്ഭവത്തെക്കുറിച്ചും വംശീയപരിണാമത്തെ ക്കുറിച്ചുമുള്ള പഠനം | നരവംശശാസ്ത്രം |
| മനുഷ്യമനസിനെക്കുറിച്ചും മാനസികാവസ്ഥകളെ ക്കുറിച്ചുമുള്ള പഠനം | സമൂഹശാസ്ത്രം |

3. പത്തൊൻപതാം നൂറ്റാണ്ട്

4. a. ജ്ഞാനോദയം അഥവാ ശാസ്ത്രവിപ്ലവം.
   b. വ്യാവസായികവിപ്ലവം

5. a. അഗസ്ത് കോംതെ

6. a. ചാൾസ് ഡാർവിൻെറ പരിണാമസിദ്ധാന്തതത്ത്വങ്ങൾ സമൂഹപഠനത്തിന് പ്രയോജനപ്പെടുത്തി.
   b. ജീവശാസ്ത്രപരമായ പരിണാമം പോലെ തന്നെ മനുഷ്യസമൂഹവും വിവിധ ഘട്ടങ്ങളിലൂടെ പരിണമിച്ചാണ് ഇന്നത്തെ അവസ്ഥയിലെത്തിയതെന്ന് അദ്ദേഹം വ്യക്തമാക്കി.

7. a. കാൾമാക്സ്
   b. എമൈൽ ദുർഖിം

8. a. ജി. എസ്. ഘുര്യേ
   b. എ.ആർ.ദേശായി
   d. എം.എൻ.ശ്രീനിവാസ്
   e. ഡി.പി.മുഖർജി

9. b. മനുഷ്യനും അവൻെറ ചുററുപാടും തമ്മിലുള്ള പരസ്പര ബന്ധത്തെക്കുറിച്ചുള്ള ശാസ്ത്രീയ പഠനമാണ് സമൂഹശാസ്ത്രം
   c. ഇത് സമൂഹത്തിന്റെ സമഗ്ര പഠനമായി കണക്കാക്കപ്പെടുന്നു.

10. b. സ്വന്തം സമൂഹത്തെയും മറ്റുള്ളവരുടെ സമൂഹത്തെയും വസ്തുനിഷ്ഠമായറിയാൻ സഹായിക്കുന്നു.
    c. വ്യക്തിയും സാമൂഹിക സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം തിരിച്ചറിയാൻ സഹായിക്കുന്നു.
    e. സാമൂഹിക പ്രശ്നങ്ങളെക്കുറിച്ച് സൂക്ഷ്മമായി പഠിക്കുന്നു.

f. സാമൂഹിക ആസൂത്രണത്തിനും വികസനത്തിനും പ്രയോജനപ്പെടുത്തുന്നു.

11. a. സാമൂഹികസ്ഥാപനങ്ങൾ
    b. സാമൂഹികബന്ധങ്ങൾ
    c. സാമൂഹികനിയന്ത്രണം
    d. സമുദായങ്ങൾ
    e. സാമൂഹികമാറ്റം

12. a. സോഷ്യൽ സർവേ
    b. അഭിമുഖം
    c. കേസ് സ്റ്റഡി

13.

| | |
|---|---|
| 1. രാജ്യത്തിന്റെ ആകെ ജനങ്ങളുടെ വിവരം ശേഖരിക്കുന്ന സർവേ | a. സെൻസസ് |
| 2. സമൂഹശാസ്ത്രപഠനത്തിന് ഏറ്റവും അനുയോജ്യമായ രീതി | b. സർവേ |
| 3. വിവര ശേഖരണത്തിനായി ഗവേഷകർ ഉപയോഗിക്കുന്ന ചോദ്യങ്ങളുടെ ഒരു പട്ടിക | c. ചോദ്യാവലി |
| 4. വാമൊഴിയായി വിവരങ്ങൾ ശേഖരിക്കുന്ന ഒരു രീതി | d. അഭിമുഖം |
| 5. കാണുന്നതും കേൾക്കുന്നതും സത്യസന്ധമായി രേഖപ്പെടുത്തുന്ന രീതി | e. നിരീക്ഷണം |
| 6. കേസിനെക്കുറിച്ചുള്ള വിശദമായ പഠനം | f. കേസ് സ്റ്റഡി |

14. a. ശേഖരിക്കേണ്ട വിവരങ്ങളെക്കുറിച്ച് ധാരണ രൂപപ്പെടുത്തൽ.
    b. ഉചിതമായ ചോദ്യങ്ങൾ തയ്യാറാക്കൽ
    c. ഫലവത്തായ രീതിയിലുള്ള ആശയ വിനിമയം.
    d. സമയക്രമീകരണം
    e. ലഭിച്ച വിവരങ്ങൾ ക്രമപ്പെടുത്തലും റിപ്പോർട്ട് തയ്യാറാക്കലും.

15

| **അഭിമുഖം** | **ചോദ്യാവലി** |
|---|---|
| a. വിവരങ്ങൾ വാമൊഴിയായി ശേഖരിക്കുന്നു | 1. വിവരങ്ങൾ രേഖാമൂലം നൽകുന്നു |
| b. ഗവേഷകൻ വിവരങ്ങൾ രേഖപ്പെടുത്തുന്നു | 2. പ്രതികർത്താക്കൾ വിവരങ്ങൾ രേഖപ്പെടുത്തുന്നു. |
| c. ഫലപ്രദമായ സംഭാഷണം സാധ്യമാണ് | 3. ഫലപ്രദമായ സംഭാഷണം സാധ്യമല്ല |
| d. പ്രതികരിക്കുന്നവരുടെ പ്രതികരണം അനുസരിച്ച് ചോദ്യങ്ങൾ പുനക്രമീകരിക്കാം | 4. പ്രതികരിക്കുന്നവരുടെ ശരിയായ പ്രതികരണം മനസിലാക്കാൻ കഴിയില്ല |

16

| | A | B |
|---|---|---|
| 1 | പഠന വിധേയമാക്കുന്ന സംഘം | പ്രതികർത്താക്കൾ |
| 2. | പങ്കാളിത്തനിരീക്ഷണം | ഫീൽഡ് വർക്ക് |
| 3. | കേസിനെക്കുറിച്ചുള്ള വിശദമായ പഠനം | കേസ് സ്റ്റഡി |

17. a. പങ്കാളിത്തരഹിത നിരീക്ഷണം.

18. a. ഗവേഷകൻ സ്വയം പഠനമേഖലയിൽ നിന്ന് നേരിട്ട് വിവരങ്ങൾ ശേഖരിക്കുന്നു.

b. സമൂഹശാസ്ത്രത്തിലെ ജനപ്രിയരീതിയാണ്.

c. സമൂഹശാസ്ത്രജ്ഞൻ പഠനവിധേയമാക്കുന്ന ജനസംഖ്യയ്ക്കൊപ്പം നിൽക്കുകയും അവരുടെ ജീവിതം നേരിട്ട് മനസ്സിലാക്കുകയും ചെയ്യുന്നു.

d. ഈ രീതിയെ ഫീൽഡ് വർക്ക് എന്നും വിളിക്കുന്നു.

e. ആദ്യകാല മനുഷ്യ സമൂഹങ്ങളെ പഠിക്കാൻ നരവംശശാസ്ത്രജ്ഞരാണ് ഈ രീതി കൂടുതലും ഉപയോഗിച്ചിരുന്നത്.